SAMAGRA PLUS

# വാർഷിക മൂല്യനിർണയം-2024-25
# മാതൃക ചോദ്യപേപ്പർ
# സാമൂഹ്യശാസ്ത്രം

**സമയം:2 1/2 മണിക്കൂർ** **STD IX** **സ്കോർ : 80**

**നിർദ്ദേശങ്ങൾ:**

- **ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.**
- **ചോദ്യങ്ങളും നിർദ്ദേശങ്ങളും വായിച്ച് മനസ്സിലാക്കിയതിനുശേഷം ഉത്തരമെഴുതുക.**
- **ഉത്തരം എഴുതുമ്പോൾ സ്കോർ,സമയം എന്നിവ പരിഗണിക്കണം.**

---

**1 മുതൽ 5 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക .ഓരോന്നിനും ഒരു സ്കോർ വീതം. (5x1=5)**

1. ചുവടെ നൽകിയിരിക്കുന്നവയിൽ ലോകസഭയെ സംബന്ധിച്ച ശരിയായ പ്രസ്താവന കണ്ടെത്തി എഴുതുക

(a) പരമാവധി അംഗബലം 250 ആണ്.

(b) ഉപരാഷ്ട്രപതിയാണ് അധ്യക്ഷൻ .

(c) പാർലമെന്റിന്റെ അധോമണ്ഡലം

(d) സഭാംഗങ്ങളുടെ കാലാവധി ആറ് വർഷമാണ്.

2. ചുവടെ നൽകിയിരിക്കുന്ന മധ്യകാലഘട്ടത്തിലെ രാജവംശങ്ങളുടെ ഭരണകാലം സൂചിപ്പിക്കുന്ന ശരിയായ ജോഡി തെരഞ്ഞെടുത്ത് എഴുതുക.

(a) രാഷ്ട്രകൂടർ : സി ഇ എട്ടാം നൂറ്റാണ്ട് മുതൽ പതിനൊന്നാം നൂറ്റാണ്ട് വരെ

(b) ചാലൂക്യർ : സി ഇ ആറാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ട് വരെ

(c) ചോളന്മാർ : സി ഇ പത്താം നൂറ്റാണ്ട് മുതൽ പതിമൂന്നാം നൂറ്റാണ്ട് വരെ

(d) പാലന്മാർ : സി ഇ എട്ടാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ട് വരെ

3. ലോകത്തിൽ ഏറ്റവും അധികം മഴ ലഭിക്കുന്ന ചിറാപ്പുഞ്ചി,മൗസിൻറം എന്നിവ സ്ഥിതിചെയ്യുന്ന ഭൂപ്രകൃതി വിഭാഗം:

(a) പടിഞ്ഞാറൻ ഹിമാലയം

(b) മധ്യഹിമാലയം

(C) കിഴക്കൻ ഹിമാലയം

(d) പൂർവാചൽ

4. ജനസംഖ്യാലാഭവിഹിതവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ളവയിൽ തെറ്റായ പ്രസ്താവന ഏതെന്ന് കണ്ടെത്തി എഴുതുക .

(a) രാജ്യത്തിന് ഉയർന്ന മനുഷ്യ വിഭവശേഷി ലഭ്യമാക്കുന്നു.

(b) സാമൂഹിക സാമ്പത്തിക പുരോഗതി വർദ്ധിക്കുന്നു

(c) സ്ഥായിയായി നിലനിൽക്കുന്നു.

(d) രാജ്യത്തിന്റെ ഉല്പാദനക്ഷമത വർദ്ധിക്കുന്നു.

5. ഉത്തരേന്ത്യൻ സമതലത്തിലെ ഏറ്റവും പ്രധാനപ്പെട്ട മണ്ണിനം.

(a) കറുത്ത മണ്ണ്

(b) എക്കൽ മണ്ണ്

(C) ലാറ്ററൈറ്റ് മണ്ണ്


(d) ചെമ്മണ്ണ്

**6 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 3 സ്കോർ വീതം (8x3=24)**

6. ദേശീയ വരുമാനം കണക്കാക്കുന്നതിൽ നേരിടുന്ന ഏതെങ്കിലും മൂന്ന് പരിമിതികൾ എഴുതുക.

7. ഏതൻസിലെ ഭരണസംവിധാനത്തെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

8. വിപണനതന്ത്രങ്ങളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള ചാർട്ട് പൂർത്തിയാക്കുക.




9. നിർവ്വചിക്കുക: മരുഭൂമി. രണ്ടുതരം മരുഭൂമികൾ ഏതെല്ലാം?

10. ലിംഗപദവിവാർപ്പു മാതൃകകൾ സൃഷ്ടിക്കപ്പെടുന്നത് എങ്ങനെ? ഉദാഹരണങ്ങൾ എഴുതുക.

11. താഴെപ്പറയുന്ന സൂചനകളെ അടിസ്ഥാനമാക്കി ആൻഡമാൻ നിക്കോബാർ ദ്വീപുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

സൂചനകൾ :

* സ്ഥാനം
* തനതു സവിശേഷതകൾ
* തലസ്ഥാനം

12. കേരളത്തിലെ ഉയർന്ന ആയുർദൈർഘ്യത്തിന് കാരണമായ ഘടകങ്ങൾ ഏതൊക്കയാണ്?

13. മനുഷ്യ മൂലധന രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കയാണ്?

14. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ഭരണഘടന ഭേദഗതി രീതികളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിട്ടുള്ള പട്ടിക പൂർത്തിയാക്കുക.

| അയവുള്ള ഭേദഗതി | (A)----------------- | അതി ദൃഢമായ ഭേദഗതി |
|---|---|---|
| (B)----------------- | മൗലികാവകാശങ്ങൾ, മാർഗ്ഗനിർദ്ദേശക തത്വങ്ങൾ | (C)----------------- |

**15.** നൽകിയിരിക്കുന്ന ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക. **(4x1=4)**

A . അരാവലി നിരകൾ

B. ഡക്കാൻ പീഠഭൂമി

C . മലബാർ തീരം

D . ഗോദാവരി നദി

**16 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 9 എണ്ണത്തിന് ഉത്തരം എഴുതുക ഓരോന്നിനും 4 സ്കോർ വീതം (9x4=36)**

16. പ്രാചീന ശിലായുഗത്തെയും നവീനശിലായുഗത്തെയും ചുവടെ തന്നിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

സൂചനകൾ:


- ഉപകരണങ്ങൾ
- ഉപജീവന രീതികൾ

17. തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ രണ്ടു ശാഖകൾ ഏതെല്ലാം ? രാജസ്ഥാനിൽ മൺസൂൺ മഴ വളരെ കുറവായിരിക്കുവാൻ കാരണമെന്ത്?

18."ഗുപ്ത ഭരണകാലത്ത് സംസ്കൃത സാഹിത്യത്തിന് രാജകീയ പ്രോത്സാഹനം ലഭിച്ചു." പ്രസ്താവന സാധൂകരിക്കുക.

19. ലിംഗഭേദം, ലിംഗപദവി എന്നിവ വ്യക്തമാക്കുക.

20. പീഠഭൂമികൾ എന്നാലെന്ത്? ചിത്രത്തിൽ A, B, C, അക്ഷരങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള പീഠഭൂമികൾ തിരിച്ചറിയുക.




21. നമ്മുടെ നാട്ടിൽ ഏതെല്ലാം തരത്തിലാണ് തൊഴിലില്ലായ്മകൾ കാണപ്പെടുന്നത്?
22. ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിർവഹിക്കുന്ന ചുമതലകൾ എഴുതുക.
23. ചോദനം, പ്രദാനം ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?
24. 'A' കോളത്തിന് അനുയോജ്യമായവ 'B' കോളത്തിൽ നിന്നും തിരഞ്ഞെടുത്ത് എഴുതുക.

| A | B |
|---|---|
| അനുച്ഛേദം 14 | എല്ലാ ലിംഗ പദവികൾക്കും അവസരസമത്വം |
| അനുച്ഛേദം 15 | എല്ലാ ലിംഗപദവികൾക്കും അന്തസ്സിനും വ്യക്തിസ്വാതന്ത്ര്യത്തിനും സ്വകാര്യതയ്ക്കും അവകാശമുണ്ട് |
| അനുച്ഛേദം 16 | ഒരു വ്യക്തിക്കും ലിംഗപദവിയുടെ അടിസ്ഥാനത്തിൽ വിവേചനം ഉണ്ടാകാൻ പാടില്ല |
| അനുച്ഛേദം 21 | എല്ലാ ലിംഗപദവികളുടെയും തുല്യ അവകാശം |

SAMAGRA

25. അപവഹനത്തിന്റെ ഫലമായി മരുഭൂമികളിൽ വ്യത്യസ്ത ഭൂരൂപങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അപവഹനത്തെ മൂന്ന് ഉദാഹരണങ്ങൾ സഹിതം നിർവചിക്കുക.

26. പ്രതിഹാരന്മാരുടെ ഭരണകാലത്ത് കല, സാഹിത്യം എന്നീ മേഖലകളിൽ കൈവരിച്ച പുരോഗതിയെക്കുറിച്ച് വിശദീകരിക്കുക.

**27, 28 ചോദ്യങ്ങൾക്ക് നിർദ്ദേശാനുസരണം ഉത്തരം എഴുതുക.**

27. (A) ഇന്ത്യയിലെ തീരദേശങ്ങൾ നേരിടുന്ന വെല്ലുവിളികളും അവയുടെ പരിഹാരങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) കൊങ്കൺതീരത്തെയും കോറമാന്റൽ തീരത്തേയും വിശകലനംചെയ്ത് എഴുതുക. **(1x5=5)**

28. (A) സുൽത്താൻ ഭരണകാലത്തെ സാമ്പത്തിക-സാമൂഹിക ജീവിതത്തെക്കുറിച്ച് വിവരിക്കുക.

**അല്ലെങ്കിൽ**


(B) ചുവടെ തന്നിരിക്കുന്ന സ്ഥാപനങ്ങളുടെ ഘടനയെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

(i)തിരഞ്ഞെടുപ്പ് കമ്മീഷൻ

(ii)ദേശീയ മനുഷ്യാവകാശ കമ്മീഷൻ **(1x6=6)**

SAMAGRA

**15.**




SAMAGRA PLUS

# ഉത്തര സൂചിക
# സാമൂഹ്യശാസ്ത്രം

**സമയം:2 1/2 മണിക്കൂർ** **STD IX** **സ്കോർ : 80**

| ചോദ്യ നമ്പർ | ഉത്തര സൂചികകൾ | സ്കോർ |
|---|---|---|
| 1 | (c) പാർലമെന്റിന്റെ അധോമണ്ഡലം | 1 |
| 2 | (b) ചാലൂക്യർ – സി.ഇ ആറാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ട് വരെ | 1<br>1 |
| 3 | (d) പൂർവാചൽ | 1 |
| 4 | (c) സ്ഥായിയായി നിലനിൽക്കുന്നു. | 1 |
| 5 | (b) എക്കൽ മണ്ണ് | 1 |
| 6 | • കൃത്യമായ സ്ഥിതിവിവരക്കണക്കുകളുടെ അഭാവം<br>• സാധനസേവനങ്ങളുടെ പണമൂല്യം ഒന്നിൽ കൂടുതൽ ഉൽപാദന ഘട്ടങ്ങളിൽ രേഖപ്പെടുത്താനുള്ള സാധ്യത (Double Counting)<br>• ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളും സേവനങ്ങളും സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നത് ഇതിൽ ഉൾപ്പെടുന്നില്ല.<br>• വിപണിയിൽ വില നിശ്ചയിക്കപ്പെടാത്ത സാധനങ്ങളും സേവനങ്ങളും സാധാരണയായി ദേശീയവരുമാനത്തിൽ ഉൾപ്പെടുന്നില്ല.<br>• ഗാർഹികജോലി ദേശീയവരുമാനത്തിൽ കണക്കാക്കപ്പെടുന്നില്ല | 3 |
| 7 | • അടിമകൾ അല്ലാത്ത 30 വയസ്സുള്ള എല്ലാ പുരുഷന്മാരെയും പൗരന്മാരായി കണക്കാക്കിയിരുന്നു.<br>• പൗരന്മാർ ഉൾപ്പെട്ടിരുന്ന സമിതിയായിരുന്നു പ്രധാന കാര്യങ്ങളിൽ തീരുമാനം കൈകൊണ്ടിരുന്നത്.<br>• വർഷത്തിൽ നാല് തവണ ഇവർ യോഗം ചേർന്നിരുന്നു.<br>• സ്ത്രീകൾ, കരകൗശലത്തൊഴിലാളികൾ കച്ചവടക്കാരായി പ്രവർത്തിച്ചിരുന്ന വിദേശികൾ തുടങ്ങിയവരെ പൗരന്മാരായി കണക്കാക്കിയിരുന്നില്ല. | 3 |
| 8 | • ഡിസ്കൗണ്ട്<br>• ഗുണമേന്മയുള്ള ഉൽപ്പന്നങ്ങളുടെ വിപണനം<br>• ഉൽപ്പന്നങ്ങളോടൊപ്പം മറ്റ് ഉൽപ്പന്നങ്ങൾ സൗജന്യമായി നൽകൽ | 3 |

| | | |
|---|---|---|
| 9 | • 25 സെന്റീമീറ്ററിൽ താഴെ വാർഷികമഴലഭിക്കുന്ന പ്രദേശങ്ങളാണ് പൊതുവേ മരുഭൂമികൾ<br>• ശീത മരുഭൂമികൾ<br>• ഉഷ്ണ മരുഭൂമികൾ | 3 |
| 10 | • വസ്തുതയില്ലാത്തതോ ഭാഗികമായി ശരിയാവുന്നതോ ആയ ചില കാര്യങ്ങളെ സ്ത്രീയുടെയോ പുരുഷന്റെയോ അടിസ്ഥാന ഗുണങ്ങൾ ആക്കി വളരെ ലളിതമായ രീതിയിൽ അവതരിപ്പിക്കുന്നതിലൂടെയാണ് ലിംഗപദവിവാർപ്പ് മാതൃകകൾ സൃഷ്ടിക്കപ്പെടുന്നത്.<br>• ഉദാ: നേഴ്സ് ആവാൻ നല്ലത് സ്ത്രീകളാണ്. കുടുംബത്തെ മുഴുവൻ പോറ്റേണ്ടത് പുരുഷന്റെ ഉത്തരവാദിത്തമാണ്. | 3 |
| 11 | • ബംഗാൾ ഉൾക്കടലിൽ സ്ഥിതി ചെയ്യുന്നു.<br>• ഇന്ത്യയിലെ ഏക സജീവ അഗ്നിപർവതമായ ബാരൻ ദ്വീപ് നിക്കോബാറിൽ ഉൾപ്പെടുന്നു.<br>• തലസ്ഥാനം പോർട്ട് ബ്ലെയർ | 3 |
| 12 | • ഉയർന്ന സാക്ഷരത നിരക്കും ഉന്നത വിദ്യാഭ്യാസവും, വികേന്ദ്രീകൃതപൊതുജനാരോഗ്യനയം,ശുചിത്വം ,ഭക്ഷ്യലഭ്യതയും പൊതുവിതരണവും. | 3 |
| 13 | • വിദ്യാഭ്യാസം<br>• ആരോഗ്യം<br>• തൊഴിൽ പരിശീലനം | 3 |
| 14 | A)ദൃഢമായ ഭേദഗതി<br>B)സംസ്ഥാനങ്ങളുടെ പേര് ,അതിരുകൾ ,പൗരത്വം<br>C)കേന്ദ്ര -സംസ്ഥാന അധികാര വിഭജനം ജനപ്രാതിനിധ്യ നിയമം | 3 |
| | | |

| | | |
|---|---|---|
| 15 |  | 4 |
| 16 | **പ്രാചീന ശിലായുഗം :**<br>• ഉപകരണങ്ങൾ - പരുക്കൻ ഉപകരണങ്ങൾ<br>• ഉപജീവന രീതികൾ -വേട്ടയാടൽ, ഭക്ഷ്യ ശേഖരണം.<br>**നവീന ശിലായുഗം :**<br>• ഉപകരണങ്ങൾ - മിനുസപ്പെടുത്തിയ ഉപകരണങ്ങൾ<br>• ഉപജീവന രീതികൾ -വേട്ടയാടൽ, കൃഷി, സ്ഥിരതാമസം | 4 |
| 17 | • തെക്ക് പടിഞ്ഞാറൻ മൺസൂണിന്റെ രണ്ടു ശാഖകളാണ് അറബിക്കടൽ ശാഖ ബംഗാൾ, ഉൾക്കടൽ ശാഖ എന്നിവ.<br>• അരാവലി നിരയുടെ കിടപ്പ് തെക്ക് പടിഞ്ഞാറ് ദിശയിലാണ്<br>• അതിനാൽ അറബിക്കടൽ ശാഖ സമാന്തരമായി കടന്നുപോകുന്നു.<br>• കാറ്റിനെ തടഞ്ഞ് നിർത്താൻ അരാവലിക്ക് കഴിയുന്നില്ല. | 4 |
| 18 | • സംസ്കൃതം ഭരണഭാഷയായിരുന്നു. | |

| | | |
|---|---|---|
| | • രാമായണവും മഹാഭാരതവും മിക്ക പുരാണങ്ങളും വരമൊഴിയിലേക്ക് മാറ്റപ്പെട്ടത് ഇക്കാലത്താണ്.<br>• സംസ്കൃത ഭാഷയിൽ നാടകങ്ങൾ, കാവ്യങ്ങൾ, വ്യാകരണം, നിഘണ്ടു തുടങ്ങിയവ ഇക്കാലത്ത് രചിക്കപ്പെട്ടു.<br>• സംസ്കൃത നാടകങ്ങൾ അക്കാലത്ത് ലോക പ്രസിദ്ധമായിരുന്നു | **4** |
| 19 | • **ലിംഗഭേദം**<br>ആണെന്നും പെണ്ണെന്നും വേർതിരിക്കുന്ന ജൈവശാസ്ത്രപരമായ സവിശേഷതകളെ സൂചിപ്പിക്കുന്നതാണ് ലിംഗഭേദം. ക്രോമസോമുകൾ,ശരീരഘടന,ഹോർമോണുകൾ, പ്രത്യുൽപാദന വ്യവസ്ഥ മറ്റു ശാരീരിക ഘടകങ്ങൾ എന്നിവയിൽ ആണിനും പെണ്ണിനും ഉള്ള വ്യത്യാസങ്ങളാണ് ലിംഗഭേദം എന്ന പദം സൂചിപ്പിക്കുന്നത്.<br>• **ലിംഗപദവി**<br>സാമൂഹിക സന്ദർഭങ്ങളിലൂടെ പുരുഷൻ, സ്ത്രീ എന്നീ വിഭാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന സാമൂഹികവും സാംസ്കാരികവും മാനസികവുമായ സവിശേഷതകളെ സൂചിപ്പിക്കുന്നു. ലിംഗപദവി ജീവശാസ്ത്രപരമോ സ്ഥിരതയോ ഉള്ളതല്ല. സാമൂഹിക ഇടപെടലുകളിലൂടെ ആർജിക്കുകയും ശക്തിപ്പെടുകയും ചെയ്യുന്നതാണ്. ലിംഗ പദവി സാമൂഹിക നിർമ്മിതിയാണ്. | **4** |
| 20 | • ചുറ്റുമുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് ഉയരത്തിൽ സ്ഥിതി ചെയ്യുന്ന വളരെ വിശാലമായ ഭൂരൂപങ്ങളാണ് പീഠഭൂമികൾ.<br>A. പർവ്വതങ്ങളാൽ ചുറ്റപ്പെട്ടവ<br>B. പർവതങ്ങളുടെ അടിവാരങ്ങളിൽ സ്ഥിതിചെയ്യുന്നവ<br>C. വൻകര പീഠഭൂമികൾ | **4** |
| 21 | • പ്രകടമായ തൊഴിലില്ലായ്മ -തൊഴിൽ ചെയ്യാൻ സന്നദ്ധമായിട്ടും തൊഴിലില്ലാത്ത അവസ്ഥ.<br>• ഘടനാപരമായ തൊഴിലില്ലായ്മ - നൂതനസാങ്കേതികവിദ്യയുടെ പ്രയോഗംമൂലം തൊഴിൽ നഷ്ടമാകുന്ന അവസ്ഥ.<br>• കാലികമായ തൊഴിലില്ലായ്മ - പ്രത്യേക കാലത്ത് മാത്രം തൊഴിൽ ലഭിക്കുകയും മറ്റുസമയം തൊഴിലില്ലാതാവുകയും ചെയ്യുന്ന അവസ്ഥ.<br>• പ്രച്ഛന്ന തൊഴിലില്ലായ്മ - ഉൽപാദന പ്രവർത്തനത്തിൽ ആവശ്യത്തിലധികം തൊഴിലാളികൾ പങ്കെടുക്കുന്ന അവസ്ഥ. | **4** |
| 22 | • ന്യൂനപക്ഷങ്ങളുടെ സാമൂഹിക വികസന പുരോഗതി വിലയിരുത്തുക.<br>• ന്യൂനപക്ഷങ്ങളുടെ സംരക്ഷണാർത്ഥമുള്ള ഭരണഘടന വ്യവസ്ഥകളുടെയും നിയമങ്ങളുടെയും പ്രവർത്തനം വിലയിരുത്തുക. | |

<table>
<tr><td></td><td>

- ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും സംബന്ധിച്ച റിപ്പോർട്ടുകൾ കാലാകാലങ്ങളിൽ സമർപ്പിക്കുക.
- ന്യൂനപക്ഷങ്ങൾക്കായുള്ള പരിരക്ഷകളുടെ കൃത്യമായ പരിപാലനത്തിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുക.

</td><td>4</td></tr>
<tr><td>23</td><td>

- ചോദനം : ഒരു സാധനത്തിന് വില കൊടുക്കുവാൻ ഉള്ള കഴിവ് സന്നദ്ധത എന്നിവയുടെ പിൻബലത്തോട് കൂടിയ ആഗ്രഹം
- പ്രദാനം: ഒരു നിശ്ചിതവിലക്ക് , നിർദ്ദിഷ്ടകാലയളവിൽ വിൽപ്പനയ്ക്ക് വേണ്ടി വയ്ക്കുന്ന സാധനത്തിന്റെ അളവാണ് ആ സാധനത്തിന്റെ പ്രദാനം.

</td><td>4</td></tr>
<tr><td>24</td><td>
<table>
<tr><th>A</th><th>B</th></tr>
<tr><td>അനുച്ഛേദം 14</td><td>• എല്ലാ ലിംഗ പദവികളുടെയും തുല്യ അവകാശം</td></tr>
<tr><td>അനുച്ഛേദം 15</td><td>• ഒരു വ്യക്തിക്കും ലിംഗപദവിയുടെ അടിസ്ഥാനത്തിൽ വിവേചനം ഉണ്ടാകാൻ പാടില്ല</td></tr>
<tr><td>അനുച്ഛേദം 16</td><td>• എല്ല ലിംഗ പദവികൾക്കും അവസരസമത്വം</td></tr>
<tr><td>അനുച്ഛേദം 21</td><td>• എല്ലാ ലിംഗപദവികൾക്കും അന്തസ്സിനും വ്യക്തിസ്വാതന്ത്ര്യത്തിന് സ്വകാര്യതയ്ക്കും അവകാശമുണ്ട്</td></tr>
</table>
</td><td>4</td></tr>
<tr><td>25</td><td>

- ശക്തമായ കാറ്റിനാൽ മണൽത്തരികൾ മരുഭൂമികളിൽ നിന്നും നീക്കം ചെയ്യപ്പെടുന്നു അതായത് ശക്തമായ കാറ്റ് മരുഭൂമിയിലെ വരണ്ട മണലിനെ ഇളക്കിമാറ്റി മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്ന അപരദന പ്രക്രിയയാണ് അപവാഹനം .
- അപവാഹന ഗർത്തങ്ങൾ, ഗുഹകൾ തുടങ്ങിയവ

</td><td>4</td></tr>
<tr><td>26</td><td>

- കലയെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിച്ചിരുന്നു.
- സംസ്കൃത ഭാഷയിലെ കവിയും നാടകക്കാരനും കാവ്യമിമാംസ, കർപ്പൂരമഞ്ജരി എന്നിവയുടെ രചയിതാവുമായ രാജശേഖരൻ ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്നു.
- മനോഹരമായ നിരവധി ക്ഷേത്രങ്ങൾ കെട്ടിടങ്ങൾ എന്നിവ നിർമ്മിച്ചു. ഇന്ത്യയിൽ നിന്നുള്ള പണ്ഡിതരെ ബാഗ്ദാദിലെ ഖലീഫയുടെ കൊട്ടാരത്തിലേക്ക് നയതന്ത്ര പ്രതിനിധിയായി അയച്ചിരുന്നു.
- ഇന്ത്യൻ ശാസ്ത്രവും ഗണിതശാസ്ത്രവും അറബി ലോകത്ത് പ്രചരിപ്പിച്ചു. അറബ് ഉൽപ്പന്നങ്ങളുടെ കൈമാറ്റവും പണ്ഡിതരുടെ സഞ്ചാരവും യഥേഷ്ടം ഇന്ത്യക്കും പടിഞ്ഞാറൻ ഏഷ്യയിലും ഇക്കാലത്ത് നടന്നിരുന്നു.

</td><td>4</td></tr>
</table>

SAMAGRA

| | | |
|---|---|---|
| 27 | **A**<br>• മനുഷ്യവാസത്തിന് അനുയോജ്യമായ ഭൂപ്രകൃതി, സുഖകരമായ കാലാവസ്ഥ, ജലലഭ്യത, കൃഷി, വ്യവസായം തുടങ്ങി നിരവധി സാധ്യതകളുള്ള ഭൂപ്രദേശമാണ് തീരദേശം. ഏറെ അനുകൂല സാഹചര്യങ്ങൾ നില നിൽക്കുമ്പോഴും തീരദേശവും തീരദേശ ജനജീവിതവും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്.<br>• സുനാമി, കൊടുങ്കാറ്റ് തുടങ്ങിയ കടൽ സംബന്ധമായ പ്രകൃതി ദുരന്തങ്ങളും ആഗോള കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി സമുദ്ര ജലനിരപ്പ് ഉയരുന്നതും കടൽക്ഷോഭവും തീരം കടലെടുക്കുന്നതുമെല്ലാം തീരദേശ ജനജീവിതം പ്രതിസന്ധികൾ നിറഞ്ഞതാക്കുന്നു.പ്രകൃതിയുടെ ഇത്തരം പ്രതികൂല സാഹചര്യങ്ങളോട് പൊരുത്തപ്പെട്ട് തങ്ങളുടെ സാമൂഹ്യ ജീവിതം ചിട്ടപ്പെടുത്തുന്നതിന് തീരദേശ ജനത നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്.<br>• കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് തീരദേശങ്ങളിൽ വരുന്ന മാറ്റങ്ങളും പ്രകൃതി ദുരന്തസാധ്യതകളും കൃത്യമായി നിരീക്ഷിക്കേണ്ടതുണ്ട്.<br>• ഇതിനായി ആധുനിക ശാസ്ത്രസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വേണ്ട മുന്നറിയിപ്പും മുന്നൊരുക്കങ്ങളും തീരദേശ ജനങ്ങളുടെ പങ്കാളിത്തത്തോടെ സമയബന്ധിതമായി നടപ്പിലാക്കേണ്ടതുമുണ്ട്. തീരദേശത്തെ വിഭവങ്ങൾ സുസ്ഥിരമായി വിനിയോഗിക്കുന്നതിനും അതിന്റെ പ്രയോജനം തദ്ദേശീയ ജനതയ്ക്ക് ലഭിക്കുന്നതിനും ഉതകുംവിധമുള്ള വിഭവ ആസൂത്രണവും സംരക്ഷണവും അനിവാര്യമാണ്.<br>• ഇത്തരം പ്രവർത്തനങ്ങൾക്കായി നാം ഓരോരുത്തരും കൈകോർക്കുമ്പോഴാണ് സുസ്ഥിര വികസനം സാധ്യമാകുന്നത്.<br><br>**B** കൊങ്കൺ തീരം<br>• ഗുജറാത്ത് തീരസമതലത്തിന് തെക്ക് ദമൻ മുതൽ ഗോവ വരെ വ്യാപിച്ചിരിക്കുന്ന തീരസമതലമാണ് കൊങ്കൺതീരം.<br>• ഏകദേശം 500 കിലോമീറ്ററാണ് ഇതിന്റെ നീളം. പശ്ചിമഘട്ടമലനിരകൾ ഈ തീരത്തിന് സമാന്തരമായി സ്ഥിതി ചെയ്യുന്നതിനാൽ ഇവിടെ തീരസമതലം ഇടുങ്ങിയതാണ്. കൊങ്കൺ തീരത്തിന്റെ വടക്കുഭാഗം മണൽ നിറഞ്ഞ തീരങ്ങളും Sandy Coast) തെക്കുഭാഗം പാറക്കൂട്ടങ്ങൾ നിറഞ്ഞ തീരവുമാണ് (Rocky Coast).<br>• ക്ലിഫുകൾ, ദ്വീപുകൾ, ബീച്ചുകൾ തുടങ്ങിയ തീരദേശ ഭൂരൂപങ്ങൾ ഇവിടെ കാണപ്പെടുന്നു.<br>• ഇന്ത്യയിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രമായ ഗോവയിൽ | 5 |

| | | | |
|---|---|---|---|
| | ധാരാളം ബീച്ചുകളുണ്ട്.<br>• ധാരാളം മഴ ലഭിക്കുന്ന ആർദ്രകാലാവസ്ഥ കൊങ്കൺ തീരസമതലത്തെ ജൈവവൈവിധ്യ സമ്പന്നമാക്കുന്നു.<br>• നവഷേവ (നവിമുംബൈ), മോർമുഗാവോ തുടങ്ങി പ്രകൃതിദത്ത തുറമുഖങ്ങളും മാൽപെ മത്സ്യബന്ധന ഹാർബറും കപ്പൽ നിർമ്മാണശാലകളും ടൂറിസം കേന്ദ്രങ്ങളും വ്യവസായ കേന്ദ്രങ്ങളുമെല്ലാം കൊങ്കൺ തീരത്തെ സാമ്പത്തിക പ്രവർത്തനങ്ങളാൽ സക്രിയമായ ഒരു മേഖലയാക്കി മാറ്റുന്നു.<br>**കോറമാന്റൽ തീരം**<br>• കൃഷ്ണാനദി ഡൽറ്റ മുതൽ കന്യാകുമാരി വരെ നീളുന്ന തീരസമതലമാണ് കോറമാണ്ടൽ തീരം.<br>• ഈ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഫലഭൂയിഷ്ഠമായ ഡൽറ്റാ എക്കൽമണ്ണ് കോറമാന്റൽ തീരസമതലത്തെ നെൽകൃഷിക്ക് അനുയോജ്യമാക്കുന്നു.<br>• കോറമാന്റൽ തീരത്തെ ഒരു പ്രധാന തടാകമാണ് പുലിക്കാട്ട് തടാകം.<br>• പുലിക്കാട്ട് തടാകത്തിന്റെ തീരത്താണ് ഇന്ത്യയുടെ റോക്കറ്റ് വിക്ഷേപണ കേന്ദ്രമായ ശ്രീഹരിക്കോട്ട സ്ഥിതിചെയ്യുന്നത്.<br>• പുലിക്കാട്ട് തടാകം, പോയിന്റ്കാലിമർ എന്നീ പക്ഷി" സങ്കേതങ്ങൾ. പിച്ചാവരം കണ്ടൽക്കാടുകൾ തുടങ്ങിയവ ഈ തീരസമതലത്തിലെ ജൈവ വൈവിധ്യ സംരക്ഷണകേന്ദ്രങ്ങളാണ്.<br>• ഇവിടത്തെ പ്രധാന മത്സ്യബന്ധന ഹാർബറുകളാണ് നാഗപട്ടണം. കടലൂർ എന്നിവ. ചെന്നൈ തീരത്തെ മറീന ബീച്ച് പ്രസിദ്ധമായ വിനോദസഞ്ചാര കേന്ദ്രമാണ്. | | |
| 28 | (A)സാമ്പത്തിക ജീവിതം<br>കാർഷിക പുരോഗതി, ഭരണ സ്ഥിരത, ഗതാഗത പുരോഗതി, വ്യാപാരത്തിന്റെ വളർച്ച, നഗരങ്ങളുടെ വളർച്ച ,പണസമ്പദ് വ്യവസ്ഥയുടെ ആവിർഭാവം ,വ്യവസായങ്ങൾ, കൈത്തൊഴിലുകൾ .<br>സാമൂഹിക ജീവിതം അസമത്വങ്ങൾ നിറഞ്ഞ സമൂഹം, സാമ്പത്തിക അസമത്വം, സാധാരണ ജനങ്ങളുടെ ദുരിതങ്ങൾ, ജാതിവ്യവസ്ഥയിൽ അധിഷ്ഠിതമായ സാമൂഹിക ഘടന, സ്ത്രീകളുടെ പദവിയിലുണ്ടായ മാറ്റം.<br><br>(B) **തിരഞ്ഞെടുപ്പ് കമ്മീഷൻ**<br>മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണറും രണ്ട് കമ്മീഷണർമാരും ചേർന്നതാണ് തിരഞ്ഞെടുപ്പ് കമ്മീഷൻ. രാഷ്ട്രപതിയാണ് ഇവരെ നിയമിക്കുന്നത്. ആറു വർഷമോ അല്ലെങ്കിൽ 65 വയസ്സുവരെയോ ആണ് കാലാവധി ഇംപീച്ച്മെന്റിലൂടെ മാത്രമേ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ തലസ്ഥാനത്തുനിന്നും നീക്കം ചെയ്യാൻ സാധിക്കു. | | 6 |

| | | |
|---|---|---|
| | **ദേശീയ മനുഷ്യാവകാശ കമ്മീഷൻ**<br>ചെയർപേഴ്സൺ ഉൾപ്പെടെ 6 അംഗങ്ങളാണ് കമ്മീഷൻ ഉള്ളത് .വിരമിച്ച സുപ്രീംകോടതി ചീഫ് ജസ്റ്റിസ് / സുപ്രീംകോടതി ജഡ്ജി ആയിരിക്കും അധ്യക്ഷൻ. രാഷ്ട്രപതിയാണ് കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത്. മൂന്നുവർഷം അല്ലെങ്കിൽ 70 വയസ്സ് വരെയാണ് കമ്മീഷൻ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി. | |